| | രൂപ ലക്ഷത്തിൽ |
|---|---|
| 6 മരുന്നു വിതരണം | 83.25 |
| 7 കുടിവെള്ള വിതരണം | 57.98 |
| 8 മൃഗ സംരക്ഷണം | 0.34 |
| 9 റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾ | 6.18 |
| 10 കുടിവെള്ള വിതരണം, ഡ്രെയിനേജ് എന്നീ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ | 1.00 |
| 11 കടൽഭിത്തികളുടെ കേടുപാടു പോക്കൽ | 2.43 |
| 12 വീടുകളുടെ നാശനഷ്ടത്തിന് ധനസഹായം | 645.38 |
| 13 മീൻപിടിക്കുന്നതിനുള്ള വള്ളം, വല, അനുബന്ധ ഉപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടതിന് ധനസഹായം | 1385.00 |
| 14 മറ്റിനങ്ങൾ (ഇതിൽ മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയ ധനസഹായങ്ങളും ഉൾപ്പെടും) | 1297.50 |
| ആകെ | 5814.15 |

കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സൗജന്യറേഷൻ വിതരണം, ചികിൽസാ ധനസഹായം, മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യസമാശ്വാസ പദ്ധതി എന്നീ ഇനങ്ങളിലായി 12,93,80,085 രൂപ ചെലവഴിച്ചിട്ടുണ്ട്.

## സുനാമി ദുരിതാശ്വാസം

173 [174] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും. നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസത്തിനുവേണ്ടി സംസ്ഥാന സർക്കാർ എത്ര കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ബി) വിവിധ ഏജൻസികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും എത്ര കോടി രൂപ വീതമാണ് ലഭിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) സുനാമി ദുരിതാശ്വാസത്തിനുവേണ്ടി എ.ഡി.ബി., ലോകബാങ്ക്, യു.എൻ.ഡി.പി. സംയുക്ത സംരംഭത്തിൽ നിന്നും കേരളം വായ്പക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; എത്ര കോടി രൂപ ലഭിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സുനാമി ദുരിതാശ്വാസത്തിന് വിവിധയിനത്തിൽ ചെലവഴിച്ച തുക ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഇ) നീക്കിയിരിപ്പ് തുക എത്രയെന്നറിയിക്കാമോ?

ഉത്തരം

(എ) സുനാമി ദുരന്തത്തിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 28-6-2005 വരെ 39,68,63,884 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) വിവിധ ഏജൻസികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽ നിന്നും താഴെ പറയുംപ്രകാരമുള്ള തുക ലഭിച്ചിട്ടുണ്ട്;

സംഘടനകൾ—13,91,15,833

വ്യക്തികൾ—2,51,05,631

വകുപ്പുകൾ—14,75,82,458

പൊതുമേഖലാ സ്ഥാപനങ്ങൾ—4,92,97,689

മറ്റുള്ളവ—3,57,62,073

ആകെ—39,68,63,884

സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് എൻ.സി.സി.എഫിൽനിന്നും കേന്ദ്ര വിഹിതമായി 100 കോടി രൂപ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് (Consolidated fund) ലഭിച്ചിട്ടുണ്ട്.

(സി) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി എ.ഡി.ബി.യെ വായ്പയ്ക്കായി സമീപിക്കുകയും, പ്രസ്തുത ധനകാര്യ സ്ഥാപനം 32.45 ദശലക്ഷം യു.എസ്. ഡോളർ വായ്പയായും 23.8 ദശലക്ഷം യു.എസ്. ഡോളർ ഗ്രാന്റായും (ആകെ 56.25 ദശലക്ഷം യു.എസ്. ഡോളർ) അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 31-3-2005 വരെ 58.14 കോടി രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. അതിന്റെ ജില്ലതിരിച്ച്/ഇനംതിരിച്ചുള്ള പട്ടിക അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. 2005-2006 വർഷം നാളിതുവരെ 23.15 കോടി രൂപ സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. അതിന്റെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.† കൂടാതെ സൗജന്യ റേഷൻ, മത്സ്യത്തൊഴിലാളികൾക്കു വേണ്ടിയുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി, ചികിൽസാ സഹായം മുതലായ ഇനങ്ങളിൽ വിവിധ ജില്ലാ കളക്ടർമാർക്കും ഏജൻസികൾക്കുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 12,93,80,085 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) നടപ്പ് സാമ്പത്തിക വർഷം സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നത് 100 കോടി രൂപയാണ്. അതിൽ നിന്നും മേൽപ്പറഞ്ഞപ്രകാരം 23.15 കോടി രൂപ അനുവദിച്ചശേഷം 76.85 കോടി രൂപ നീക്കിയിരുപ്പുണ്ട്. 28-6-2005-ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 24,89,57,173 രൂപ നീക്കിയിരിപ്പുണ്ട്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly